# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **4166** **16/03/2017** -ലെ മറുപടി

# വൈപ്പിനിലേയ്ക്കുള്ള ശുദ്ധജല വിതരണ പൈപ്പ് മാറ്റുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എസ്.ശർമ്മ | | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | വല്ലാർപാടം റെയിൽ ലൈനിനു താഴെ ഭാഗത്ത് താല്ക്കാലികമായി സ്ഥാപിച്ചിട്ടുള്ള, വൈപ്പിനിലേയ്ക്കുള്ള ശുദ്ധജല വിതരണ പൈപ്പ് മാറ്റുന്നതിനും വ്യാസം കൂടിയ പൈപ്പ് സ്ഥാപിക്കുന്നതിനും വൈകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (എ), (ബി) & (സി) | പ്രസ്തുത പൈപ്പ് ലൈൻ മാറ്റുന്നതിന് റെയിൽവേ അംഗീകരിച്ച പ്രകാരമുള്ള പദ്ധതി നടപ്പാക്കുന്നത് സാങ്കേതികമായി അത്യന്തം പ്രയാസകരവും വൻസാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതുമാണ് എന്നതിനാൽ കാലതാമസം നേരിട്ടു. ബദൽ മാർഗ്ഗങ്ങൾ ആലോചിക്കുന്നതിലേക്കായി സൂപ്രണ്ടിംഗ് എഞ്ചിനീയർ പി.എച്ച്. സർക്കിൾ, കൊച്ചി, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, വാസ്കോൺ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (മദ്ധ്യമേഖല), എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച് ഡിവിഷൻ കൊച്ചി എന്നിവർ അംഗങ്ങളായി കേരള വാട്ടർ അതോറിറ്റി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | ഇക്കാര്യം നടപ്പാക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; | | |
| (സി) | പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

JSK/